പെൺപുഷ്പത്തിന്റെ ബാല്യകാല സ്മരണകൾ.

HARMARAM
LO
THO
LIBRARY
LO
T40

മേരിജോൺ തോട്ടം.

Reference

Not to be taken Out

B-238

ചെറുപുഷ്പത്തിന്റെ
ബാല്യകാലസ്മരണകൾ.

By

മിസ്സ് മേരി ജോൺ തോട്ടം.

രണ്ടാംപതിപ്പു ൧൦൦൦.

ST. THOMAS CARMELITE
MONASTERY PAVARATTI
SOUTH MALABAR

Published by
Joseph Peter Thottam B. A.
from the
Kalavilasini Publishing House
Trivandrum.

ധർമ്മപ്രിന്റിംഗ് പ്രസ്സ്, തിരുവനന്തപുരം.

വില ചക്രം 3.

ഉടമസ്ഥന്റെ മുദ്രയില്ലാത്തപുസ്തകം വ്യാജനിർമ്മിതമാകുന്നു.

പെറുപുഷ്പത്തിന്റെ

ബാല്യകാല സ്മരണകൾ.

(ഗദ്യം)

I

ആനന്ദസമ്പൂർണ്ണമായിക്കഴിഞ്ഞുള്ളോ–
രാനല്ലശൈശവകാലമെല്ലാം
ഹാ! യെത്രവേഗം കടന്നു കടന്നങ്ങു
പോയിതിരിച്ചുവരാതവണ്ണം
സന്തോഷസാഗരക്കല്ലോലത്തിലെന്നെ
നീന്തിക്കുളിപ്പിച്ചോരാദിനങ്ങളം
എത്രയോവേഗത്തിലോരോന്നുമെന്നോടു
യാത്രപറഞ്ഞുപിരിഞ്ഞുപോയി!
ഭാഗ്യസ്മരണയ്ക്കു പാത്രമായീടുവാൻ
യോഗ്യതയേറുന്നോരാദിനങ്ങളം
അല്ലലെന്തെന്നറിയാത്തവിധമെന്നെ–
യുല്ലസിപ്പിച്ചോരാനൽ ദിനങ്ങളം
'റാണി'യായ് ഞാനെന്റെ ഗേഹസാമ്രാജ്യത്തിൽ
വാണസുഖിച്ച ശുഭദിനങ്ങളം
ഏതൊരുകാലത്തുമേതുനിലയിലു–
മേതുവിധത്തിൽ ഞാൻ വിസ്മരിക്കും!
അപ്പനമ്മയ്ക്കും ജ്യേഷ്ഠത്തിമാക്കും ഞാ–
നെപ്പോഴുമോമനയായിരുന്നു.
അമ്മയോടൊന്നിച്ചു സായാഹ്നവേളയിൽ
നിർമ്മലമായുള്ളോരുദ്യാനത്തിൽ
ആനന്ദത്തുന്നിലയായിനടന്നതു

SANKARAN COLLEGE KIDANGOOR KANGAZHA
ST. THOMAS CARMELITE MONASTERY PAVARATTI SOUTH MALABAR

51811
40/740
AR.

ഞാനിന്നും നന്നായിട്ടോമ്മിക്കുന്നു.
വാട്ടമില്ലാതുള്ള മാതൃസ്നേഹത്തോടേ
കെട്ടിപ്പിടിച്ചെത്രചുംബനങ്ങളും
കൊഞ്ചിക്കുഴഞ്ഞെന്റെയമ്മയ്ക്കു നൽകിഞാൻ
പുഞ്ചിരിത്തേനോലുംചുണ്ടുകളാൽ
വീട്ടിനകത്തും വെളിയിലുമമ്മയെ
വിട്ടുപിരിയാതെ ഞാൻ നടന്നു.
'അമ്മ'എന്നുള്ള രണ്ടക്ഷരം നാവിന്മേൽ
നന്മധുതന്നോചൊരിഞ്ഞുനിയ്ക്കും.
രണ്ടാംനിലയിലേയ്ക്കുള്ളതാംകോവണി
രണ്ടാളുമൊന്നിച്ചു കേറുമ്പോഴും
ഓരോപടിയിലും നിന്നുകൊ'ണ്ടമ്മേ!'യെ–
ന്നോരോതവണ വിളിച്ചീടും ഞാൻ.
കൈതവമറിയുള്ള ബാലമനസ്സിലേ
മാതൃസ്നേഹത്തിന്റെയാധിക്യത്താൽ
'സ്വർഗ്ഗത്തിലെത്തിസുഖിപ്പതിനമ്മച്ചി
ശീഘ്രംമരിക്കട്ടെ'ന്നാശിച്ചുഞാൻ
അന്നതിൽശ്രേഷ്ഠമായ് മംഗളാശംസക–
ളൊന്നുമില്ലെന്നുഞാനോത്തിരുന്നു.
സീമയകന്നുള്ള സ്നേഹത്താൽ താതനു–
മീമംഗളംതന്നെയാശിച്ചുഞാൻ.

II

വന്ദ്യനെൻതാതന്റെ നാമമീയെൻ നാവിൽ
വന്നുദിക്കുന്നൊരുവേളയിങ്കൽ
എത്തെല്ലാംപൂർവസൌഭാഗ്യസ്മരണകൾ
ചേതസ്സിൽ തിങ്ങിനിറഞ്ഞിടുന്നു!
വത്സേ! എന്നോമനേ! കൊച്ചുറാണീ! എന്ന
വാത്സല്യമേറും സംബോധനകൾ

അന്നത്തെപ്പോലെതികഞ്ഞമധുരത്തോ–
ടിന്നുംമുഴങ്ങുന്നെൻ കാതുകളിൽ
വീട്ടിൽവരുന്നേരമോടിഞാൻചെല്ലുമ്പോൾ
കെട്ടിപ്പിടിച്ചെന്നെച്ചുംബിച്ചീടും.
ഓമനിച്ചെന്നെത്തൻകൈയിലെടുത്തീടും
സാമോദം പൊക്കും തലയ്ക്കുമീതേ.
തോളിൽകയറ്റിയിരുത്തും ചില്നേരം
ലാളിക്കും മറ്റു പലതരത്തിൽ
കാലിന്മേലെന്നെക്കയറ്റിയിരുത്തീട്ട
ചേലോടെ വീട്ടിലും തോട്ടത്തിലും
കൊണ്ടു നടക്കും; ഞാൻ 'റാണി'യായാനന്ദം
പൂണ്ടുവസിക്കുമാവാഹനത്തിൽ.
താതന്റെ ലാളനക്രൂടിപ്പോകുന്നെന്ന
മാതാവു വല്ലപ്പോഴും പറഞ്ഞാൽ
'റാണിയല്ലേയവളെ'ന്നു ചൊന്നദ്ദേഹം
താണുപിടിച്ചെന്നെ ചുംബിച്ചീടും.
സായാഹ്നവേളയിൽ പാവനമായുള്ള
വായുശ്വസിക്കുവാനായി ഞങ്ങളും
വിസ്താരമേറും വയലുകളിൽ പോയി–
ച്ചിത്രാഹ്ലാദത്തോടെ സഞ്ചരിക്കും.
തിങ്ങിവളർന്നുള്ളധാന്യങ്ങളും, പല
ഭംഗിയേറും ചെറുവല്ലികളും
പച്ചനിറമെഴും നല്ലചെടികളും
മെച്ചം കലർന്നുള്ള പുഷ്പങ്ങളും
ആകവേചേർന്നുള്ള കാഴ്ചയെനിക്കപ്പോ
ളേകിയോരാനന്ദമെത്രചൊല്ലാം!
സൂര്യകിരണത്താൽ ശോഭിക്കും ദേശങ്ങളും,
പാരംവിശാലമാം മൈതാനങ്ങളും,
ഉന്നതവൃക്ഷങ്ങളും, മഞ്ഞിൽ മറഞ്ഞേറെ–

മൌന്നാര്യമേകും കൊടുമുടികളും
ഏവം നിയതിതൻ സുന്ദരമായുള്ളോ–
രാവസ്സുജാലങ്ങളൊക്കെയെന്നെ
ആശയമേതുമകമേയില്ലാത്തൊരാ
ശൈശവകാലത്തുമാകർഷിച്ചു.
ആകാശം മേഘപടലത്താൽ മൂടിയീ–
ലോകമിടിരവത്താൽവിറച്ചു്
മിന്നൽപിണരുകളുഗ്രതരമായി
മിന്നിപ്പൊലിഞ്ഞൊരു സായാഹ്നത്തിൽ
വർണ്യമല്ലാതുള്ളോരാനന്ദത്തോടെ ഞാൻ
കണ്ണിമയ്ക്കാതവ നോക്കി നിന്നു.
ഒട്ടുസമീപത്തായ് നിന്നോരെൻതാതനീ–
മട്ടുകണ്ടോടിയടുത്തുവന്നു്
എന്നെയെടുത്തുതൻതോളിലേറ്റിക്കൊണ്ടു
ഖിന്നതയെന്യേ നടന്നുശീഘ്രം.
മന്ദംമഴത്തുള്ളിവീണുതുടങ്ങവേ
സുന്ദരമാംചെറുവെൺമുത്തുകളം
പച്ചയിലകളിൽ മിന്നിത്തിളങ്ങുന്നാ
കാഴ്ചകണ്ടാനന്ദപൂർണ്ണയായ് ഞാൻ
അല്പവും ശങ്കയും ഭീതിയുമേശാതെ–
യപ്പൻറെതോളിലിരുന്നിരുന്നു.
ഈവിധമുള്ളോരുകാഴ്ചകളൊക്കെയും
ദൈവത്തിലേയ്ക്കെന്നെയാകർഷിച്ചു.
സൃഷ്ടിജാലത്തിൻറെസൌന്ദര്യം കാണുമ്പോൾ
സ്രഷ്ടാവിൻ മാഹാത്മ്യം ധ്യാനിച്ചു ഞാൻ.
ബാലികമാക്കൊത്തലീലകളെല്ലാം ഞാൻ
മാലകന്നാന്നരസിച്ചിരുന്നു.
ബാല്യസഹജമാം 'കുസൃതി'യുമെനി–
ക്കില്ലാതിരുന്നില്ല ശൈശവത്തിൽ.

എങ്കിലും തെറ്റു ചെയ്താലുടനേതുമേ
ശങ്കയില്ലാതെ പശ്ചാത്തപിച്ചു്
ഏറുപറഞ്ഞങ്ങുമാപ്പപേക്ഷിക്കാതെ
ചെറുമെൻചിത്തമടങ്ങുകില്ല.

III

മന്ദ്രോജ്ജ്വലമായൊരു സായാഹ്നവേളയി–
ലുഞ്ഞാലിലേറി ഞാനാടിടുമ്പോൾ
അല്പമകലെയായ് വഴിയേ പോയോ–
രപ്പനെൻലീലകണ്ടാനന്ദിച്ചു്
'കൊച്ചുറാണി! എന്റെ തങ്കമേ! ഓടിവാ!
മെച്ചമോടപ്പനൊരുമ്മനൽകു'
എന്നുപറഞ്ഞതിനുത്തരം തൽക്ഷണം
ചൊന്നുഞാൻ തെല്ലൊരു ഗർവ്വമോടേ:—
'അപ്പനുചുംബനം വേണമെന്നുണ്ടെങ്കി–
ലിപ്പോഴെന്നന്തികേ വന്നിടേണം'
നല്ലൊരുപാഠമന്നൊന്നെ പഠിപ്പിപ്പാൻ
തെല്ലുരസക്ഷയഭാവമോടെ
എന്നോടൊരക്ഷരം മിണ്ടാതെ തൽക്ഷണം
തന്നോ സ്ഥലംവിട്ടുപോയി താതൻ
പെട്ടെന്നുഞാൻ ചെയ്ത കുറ്റത്തിൻഗൌരവം
സ്പഷ്ടമായ്ക്കണ്ടു വിഷണ്ഡയായ് ഞാൻ.
ചാടിയിറങ്ങിഞാനുഞ്ഞാലിൽ നിന്നുട
നോടി പിതാവിൻ സമീപത്തെയ്ത്തു്.
പൊട്ടിക്കരഞ്ഞുഞാൻ വീഴുമുഴക്കിക്കൊ–
ണ്ടൊട്ടുമേവൈകാതെ മാളികയിൽ
താതന്റെയന്തികേയെത്തിക്ഷമാപണം
ചെയ്തകൃതാർത്ഥയായെന്നോവേണ്ടു.
ഈവിധസംഭവമൊന്നാല്ലെൻ ശൈശവ–
ജീവിതത്തിൽ പലതുണ്ടുചൊൽവാൻ.

IV

അന്നൊൻപതാമത്തെ വയസ്സിലാണ്
ഞാൻ ഒന്നാം ക്ലാസ്സിൽ ചേർന്നത്.
ഒന്നാം ക്ലാസ്സിൽ ഞാൻ മാത്രമേ
ഒരു പെൺകുട്ടിയായിട്ടുണ്ടായിരുന്നുള്ളൂ.
ഒന്നാം ക്ലാസ്സിൽ ഞാൻ മാത്രമേ
ഒരു പെൺകുട്ടിയായിട്ടുണ്ടായിരുന്നുള്ളൂ.
ഒന്നാം ക്ലാസ്സിൽ ഞാൻ മാത്രമേ
ഒരു പെൺകുട്ടിയായിട്ടുണ്ടായിരുന്നുള്ളൂ.

കന്യകമാരുടെ ദിവ്യമണാളങ്ക–
ലെന്നെയണച്ചതും നിങ്ങളല്ലേ.
ഹാ! യെൻറെകുഞ്ഞമ്മേ! ശൈശവകാലംതൊ–
ട്ടീയെനിക്കിപ്പോഴമ്മയായ
നിങ്ങളെപ്പറ്റിഞാനോക്കുമ്പോഴെൻ ചിത്തം
തിങ്ങി നിറഞ്ഞു കവിഞ്ഞിടുന്നു
കൌതുകമേറും സൌഭാഗ്യസ്മരണക–
ളേതൊരു ഭാഷയിൽ വർണ്ണിപ്പൂഞാൻ.
ഓർത്താലവയൊന്നും വാക്കിനു കീഴ്പ്പെട്ടു
വർത്തിച്ചിടുന്നവയല്ലതെല്ലും.

V

ഹായെൻെറ 'മേരിലയോണി'യേയും നന്നായ്
മായമേതും വിനാസ്നേഹിച്ചു ഞാൻ.
ഉള്ളുഴിഞ്ഞുള്ളൊരുസ്നേഹമവൾക്കുത–
ന്നുള്ളിലുണ്ടായിരുന്നെൻെറ നേരേ.
ഉല്ലാസപൂവ്വം വെളിയിൽ കഴിക്കേണ്ട
നല്ലൊരുസായാഹ്നവേളകളിൽ
മറവുള്ളവരെല്ലാം പോയാലും ലയോണി–
യുറച്ചസ്നേഹത്തോടെ വീട്ടിൽത്തന്നെ
എന്നെപരിചരിച്ചെന്നെസ്സന്തോഷിപ്പി–
ച്ചെന്നോടുക്രൂടിവസിച്ചിരുന്നു.
അന്നവളെന്നെയുറക്കുവാൻ പാടിയ
മന്ദസ്വരം ചേർന്നതാരാട്ടുകൾം
അറിയില്ലാത്തുള്ള മാധുര്യത്തോടിന്നും
മാറെറാലിക്കൊള്ളുന്നെൻ കാതുകളിൽ.
സ്നേഹമേറീടുമെൻ ലയോണിയാദ്യമായ്
'സ്നേഹത്തിൻ ക്രൂദാശ'കൈക്കൊണ്ടതും,
ജീവിതസൌഭാഗ്യസർവ്വസ്വം തന്നുടെ

കൈവശം വന്നൊരാ നൽട്ടിനത്തിൽ
സോദരിക്കുണ്ടായോരാനന്ദപൂരവു–
മാദിവസത്തിലേയാമോദവും
കെങ്കേമമായവിരുന്നും നിനയ്ക്കുമ്പോ–
ളെൻ കരളിന്നും കുളുത്തീടുന്നു.

VI

ശൈശവപ്രായത്തിലെൻറെസഖിയായ
സൌശീല്യസമ്പൂർണ്ണയായിരുന്ന
കൊച്ചു 'സലിനെ'നിനയ്ക്കുമ്പോളെൻ ചിത്തേ
വാച്ചിട്ടും സ്നേഹബാഹുലതയാൽ
എത്രുപറയേണമെന്നറിയാതെ ഞാ–
നന്തർമോദാബ്ധിയിലാണ്ടിടുന്നു.
ദേഹം രണ്ടെങ്കിലും സ്നേഹത്താൽ ഞങ്ങടെ
ദേഹിയൊന്നായിച്ചമഞ്ഞിരുന്നു.
ഞാൻമഹാ'കുസ്രുതി' യായിരുന്നെങ്കിലും
സൌമ്യശീലത്തിൻെറ മൂത്തിയായ
കൊച്ചുജ്യേഷ്ഠത്തിയും ഞാനും പരസ്പരം
ചേർച്ചയിൽ തന്നേ കഴിഞ്ഞിരുന്നു.
അല്ലാ പകലു, മുറക്കത്തിലുണിലു–
മെല്ലാമിവരൊന്നിച്ചായിരുന്നു.
കാൽക്ഷണം സെലിനെവിട്ടുപിരിഞ്ഞൊരു
നിക്ഷേപം കണ്ടാലും നില്ലില്ലഞാൻ.
ഇച്ചപോലെൻെറ സെലിനുമൊരുമിച്ചു
കൊച്ചുകളികളം പലതരത്തിൽ
അന്നുകളിച്ചുരസിച്ചുതോർത്തീടുമ്പോ
ളിന്നുമാനന്ദംവളർന്നീടുന്നു.
സായാഹ്നനേരത്തു ലാത്തുവാനായ് ചിലർ
പോയാലെൻ സങ്കടം തീർന്നിടാനായ്

മഞ്ഞുള്ളമായുള്ള ഡേയ്സി പൂവേണ്ടതീ–
ങ്ങെന്തറാജത്തിക്കായ് കൊണ്ടു പോരും.

അന്നത്തെ സൌഭാഗ്യ ചിന്തകളീവിധം
ചൊന്നാലവസാനിച്ചീടുകില്ല.
നാലുവയസ്സു തികഞ്ഞിട്ടില്ലാത്തൊരാ
കാലത്താ ശൈശവപ്രായത്തിൽ ഞാൻ
സാക്ഷാൽ സൌഭാഗ്യവതിയായിരുന്നൊന്നു
സംക്ഷേപമായി പറഞ്ഞീടട്ടെ!
ആനന്ദദായക മല്ലാത്ത വസ്തുക്കൾ
ഞാനൊന്നും കണ്ടില്ല ഭൂവിലന്നു്.
കാലു ചവിട്ടുന്ന ദിക്കിലെല്ലാടവും
ചേലേറും പൂക്കൾ വിതറിയിട്ടു്
ആദരവോടെന്നെ യേതൊരു ദിക്കിലും
മേദിനി മങ്കയാൾ സല്ക്കരിച്ചു.
അഞ്ചിത കൌതുകം സൃഷ്ടികളൊക്കെയും
പുഞ്ചിരി തൂകിയന്നൊന്നൊന്നോക്കി.
ദൈവചൈതന്യത്തിൻ സൂക്ഷ്മപ്രതിബിംബം
പാവനമായി പ്രശോഭിക്കുന്ന
'പാരഡൈസ്സാ'യിട്ടെൻ കണ്ണുകളിലന്നു
പാരിടമാകവേ കാണപ്പെട്ടു.

II

I

(അന്നനട)

തെളിഞ്ഞുകത്തിയ മണിവിളക്കിതു
പൊലിഞ്ഞു, സർവ്വവും മറഞ്ഞു കഷ്ടമേ!
മനോഹരനായ പ്രഭാതസൂര്യനേ
ഘനപടലങ്ങൾ മറച്ചിതു കഷ്ടം;

മുളച്ചുയന്നൊരാ ചെറുമുല്ലക്കയ്യോ
തിളച്ചുവെള്ളമങ്ങൊഴിച്ചു കഷ്കൻ
പരമാനന്ദത്തിൻ പരമ കാഷ്ഠയി—
ലുരുമയോട്ട ഞാൻ കഴിച്ച നാളുകൾ
ഒരു കിനാവുപോൽ ക്ഷണം കടന്നുപോയ്
പെരിയ സന്താപമണഞ്ഞു പിന്നാലെ.
ധരിത്രിയിലെന്റെ സമസ്തമെന്നു ഞാൻ
ധരിച്ചിരുന്നൊരെൻ ജനത്രിയേ ദൈവം
മരണമില്ലാത്തൊരനന്തര ജന്മ—
വരണത്തിനായി ക്ഷണിച്ചുകൊണ്ടുപോയ്.
പരമ സൗഭാഗ്യമവർക്കു ലബ്ധമായ്
നിരാശ്രയരായിച്ചമഞ്ഞു ഞങ്ങളും.
ചെറിയകുട്ടി ഞാൻ, വയസ്സെനിക്കഞ്ചിൽ
കുറഞ്ഞപ്രായമായിരുന്നിതെന്നാലും,
നടന്ന സംഭവം സമസ്തവുമേതും
വിടാതെ ഞാനോമ്മിച്ചിരിക്കുന്നിപ്പൊഴും.
അലംകൃതമായ ശവമഞ്ചത്തിന്മേൽ
ചലനമറ്റൊരെൻ ജനനിതൻ ദേഹം
നിസ്തുലസുന്ദരമുഖത്തു നിർജ്ജീവ
പ്രസന്നതയോടേ ശയിച്ചിരുന്നതും,
സഹോദരികളാ കദനവഹ്നിയിൽ
ദഹിച്ചുവാവിട്ടു നിലവിളിച്ചതും,
കരംതലന്നൊന്റെ ജനകൻ കേണതും,
കരക്കാരൊക്കയും സഹതപിച്ചതും,
പലതുമിന്നലെക്കഴിഞ്ഞതുപോലെ
നലമൊടോമ്മയുണ്ടെനിക്കിന്നേരത്തും.
ചെറിയകുട്ടിഞാനിതിന്റെ ഗൗരവ—
മറിയുന്നില്ലെന്നു കരുതി മറ്റവർ.
സകലതുംനന്നായറിഞ്ഞു കൊണ്ടെന്റെ

യകത്തുതിങ്ങിയ വികാരങ്ങളെല്ലാ—
മടക്കിയൊന്നുമേയുരിയാടാതങ്ങു
നടന്നിതന്നുഞാൻ വിഷാദമഗ്നയായ്.
കരഞ്ഞതില്ലഞാൻ വളരെയെങ്കിലും
നിറഞ്ഞിരുന്നെന്റെയകത്തു സന്താപം.
ജനകന്റെ കൈയിലിരുന്ന കൊണ്ടു ഞാൻ
ജനനിതൻമുഖത്തവസാനമായി
അധരയുഗ്മത്തെയണച്ചുമഞ്ഞുപോ—
ലധികശീതമാർന്നൊരു ലലാടത്തിൽ
പതിച്ച ചുംബനം ശിലാലിഖിതം പോൽ
പതിഞ്ഞുടനെന്റെ ചെറിയഹൃത്തിലും.
ധരയിൽ വച്ചെന്റെ ശരീരചക്ഷുസ്സി—
നൊരിക്കലും കാണാൻ കഴിയാത്ത വിധം
അഹോ! ജനനിതന്നുടലെന്നേക്കുമായ്
ഗുഹാന്തർഭാഗത്തേ വെടിഞ്ഞിട്ടശ്രുമായ്

*　　*　　*　　*　　*
*　　*　　*　　*　　*

പലതുമെന്തിനു പറഞ്ഞിടുന്നു ഞാ—
നുലകെനിക്കന്നു വിജനമായ് തോന്നി.
സഹജമായുള്ള പ്രസന്നതപോയി
സഹനശക്തിയുമെനിക്കു ശൂന്യമായ്.
ഒരു "തൊട്ടാവാടി സ്വഭാവ"ത്തിന്നു ഞാ—
നൊരുവിധത്തിലന്നാടിമയായ്ത്തീർന്നു.
പലപ്പോഴും കണ്ണീരകാരണമായ്
നിലത്തുവീഴിച്ചു കരഞ്ഞിരുന്നു ഞാൻ.
ധരണിയാകെയന്നെനിക്കു ചേരാത്ത
പരദേശമായിട്ടനുഭവപ്പെട്ടു.
ഇതിനിടയ്ക്കോത്താലെനിക്കൊരാശ്വാസ
മതും പരാപരൻ തരാതിരുന്നില്ല.

പ്രിയവിയോഗത്താൽ പരിതപ്തമായ
പ്രിയപിതാവിന്റെ ദയാർദ്രമാം ചിത്തം
ഒരുമാതാവിന്റെ ഹൃദയത്തേക്കാളും
പരമാത്ഥ സ്നേഹപരിപൂർണ്ണമായി
തിരമേടേനിത്യം പരിലാളിച്ചിട്ടി–
"ചെറിയറാണി"യേപ്രസാദിപ്പിച്ചേറ്റം.
അതുമല്ല' ജ്യേഷ്ഠസഹോദരിമാരു–
മതുലവാത്സല്യം പ്രകാശിപ്പിച്ചെന്നിൽ.
പരേതയായൊരെൻ ജനനിതൻസ്ഥാന–
ത്തരുമയോടെന്റെ പ്രിയ 'കുഞ്ഞമ്മ'യായ്,
വരിച്ചപൗളീന്റെയകൈതവസ്നേഹ–
മുറക്കത്തിൽപോലും മറക്കുകില്ലഞാൻ.

* * * *
* * * *

വിദഗ്ദ്ധനായൊരാ കൃഷിക്കാരൻ തന്റെ
മുദുതരമായ "ചെറുപുഷ്പത്തി"ന്മേൽ
ഇതുവിധം കൃപാജലം ചൊരിഞ്ഞിട്ട്
പുതിയജീവനേയതിന്നു നല്കിനാൻ.
അധികനാളുകൾ കഴിഞ്ഞിട്ടും മുൻപേ–
യധിവാസസ്ഥാനമലെൺസോണിൽ നിന്നു
മിളക്കിലിസ്യൂവിലുറപ്പിച്ചു താതൻ.
കുടുംബ ചിത്തവുമെനിക്കനല്പമായ്.

II

(കുറത്തി മട്ട്)

അസ്തമയസൂര്യൻ തന്റെ നിസ്തുലമാം കാന്തി
പാർത്തലത്തിലെങ്ങും ചിന്തിക്കുത്തടിച്ചിരുന്ന
നല്ലൊരുസായാഹ്നത്തിങ്കൽ ഞങ്ങളെല്ലാംകൂടി
യല്ലലെന്യേചെന്നുചേർന്നു മാതുലന്റെ വീട്ടിൽ.
പുത്താനായി താതനങ്ങു തീർത്തിരുന്ന വേറെ

പത്തനത്തിൽ പോയി ഞങ്ങൾപാത്തു പിറേറന്നാളിൽ.
ആ സ്ഥലം നിയതി തൻെറ മോഹനമായുള്ള
ക്രൂത്തരങ്ങായ് കാണപ്പെട്ടു, മോദമാണ്ടു ഞാനും.
ചന്തമേറും പൂക്കളാലലംകൃതമായുള്ള
ബന്ധുരമാം പുഷ്പവാടിയങ്ങൊരു ഭാഗത്തു;
തിങ്ങിവളരുന്നുള്ള ചെറുപുല്ലുകളാൽ പാരം
ഭംഗിയേറും പുൽതകിടി മറെറാരുഭാഗത്തു.
ചേലെഴും രണ്ടാം നിലയിൽ വിസ്തൃതമായുള്ള
ജാലകത്തിൽ ക്രൂടിയങ്ങു നോക്കിടുന്നനേരം
ദൂരെ ദൂരെ ചക്രവാള സീമയോളമെത്തും
ചാരുവായകാഴ്ചയെല്ലാം വേറൊരുഭാഗത്തു.
വീടുവിട്ടകന്നുപാത്താൽ തോന്നിടുമാവുള്ള
ആടലൊന്നുമിസ്ഥലത്തിലെന്നെ ബാധിച്ചില്ല.
ചിന്മയകാരുണ്യമെന്നെ കൈവെടിഞ്ഞതില്ല;
അമ്മയെക്കാണാഞ്ഞിവിടെ ഞാൻ കരഞ്ഞുമില്ല.
രാവിലെ ഞാനുണരുമ്പോളെന്നുമെൻ കുഞ്ഞമ്മ
കാവൽ ദൂതനേപ്പോലെന്നന്തികത്തിലുണ്ടു.
ഭക്തിപൂവ്വം കുഞ്ഞമ്മയോടൊത്തു മുട്ടുകുത്തി
പ്രാർത്ഥനകഴിക്കും ഞാനും മന്ദതക്രൂടാതെ.
പിന്നെയെൻെറ കൊച്ചുപാഠപുസ്തകവുമേന്തി
ചിന്നത വിട്ടന്നുള്ള പാഠങ്ങളും പഠിക്കും.
അക്ഷരം ചേർത്താദ്യമായി ഞാൻ പറഞ്ഞവാക്കു
''മോക്ഷ''മെന്നാണിന്നു മതു ഞാൻ മറന്നിട്ടില്ല.
പാഠശാലാ ജീവിതത്തിലൊന്നു കൊണ്ടുമേതു—
മാടലെനിക്കുണ്ടായില്ല ദൈവകാരുണ്യത്താൽ.
ക്രൂട്ടുകാരെക്കാളുപരി മാർക്കുകളെനിക്കു
കിട്ടുകസാധാരണമായ്ത്തിന്നിരുന്ന ക്ലാസ്സിൽ
വന്ദ്യഗുരുനാഥകളുമമ്മമാർക്കുമെല്ലാ
മന്നു ഞാനൊരോമനയായ്ത്തീർന്നിരുന്ന പൊല്ലാം.
സ്കൂളുടച്ചു സായാഹ്നത്തിൽ വീട്ടിലങ്ങു ചെന്നാൽ

കാളിട്ടന്ന മോദമോടെ തുള്ളിയോടിച്ചാടി
വന്ദ്യനായജനകന്റെയന്തികേയണഞ്ഞു്
ചൊന്നിട്ടം വിശേഷമെല്ലാംകള്ളമേതുമെന്യെ.
നല്ലനല്ല മാർക്കുകൾ ഞാൻ വാങ്ങിയപ്പോഴെല്ലാം
തുല്യമറ്റ മോദമോടെ താതനുമെനിക്കു്
കൊച്ചുകൊച്ചുസമ്മാനങ്ങൾ തന്നിരുന്നു; ഞാനും
വച്ചുസൂക്ഷിച്ചുവയെന്റെ കൊച്ചുപെട്ടിക്കുള്ളിൽ.
നാണയങ്ങൾ സമ്മാനമായ് കിട്ടിയവയെല്ലാം
ക്ഷീണിതരാം ഭിക്ഷുക്കൾക്കു ഞാൻ കൊടുത്തു മോദാൽ.
നല്ലകുട്ടികൾക്കു ചേർന്ന ലീലകളിലും ഞാ–
നല്ലലെന്യേനേരം പോക്കിയുല്ലസിച്ചിരുന്നു.
ഭിത്തിയിലേ ദ്വാരങ്ങളിൽ കൊച്ചുകൊച്ചായുള്ള
ചിത്ര ബലിപീഠങ്ങളെ തീർത്തതിന്റെ മീതേ
പൂക്കളിട്ടലങ്കരിച്ചു പൂണ്ണശോഭ ചേർത്തു്
വായ്ക്കുമാനന്ദത്തിൽ ഞാൻ ലയിച്ചിട്ടും ചിലപ്പോൾ.
കൊച്ചുജ്യേഷ്ഠത്തിയും ഞാനുമൊത്തുചേർന്നുനല്ല
കൊച്ചുകുടിലൊന്നുചമച്ചായതിന്റെയുള്ളിൽ
മെച്ചമോടേയേകാന്തവും ധ്യാനവുമായ് രണ്ടു
കൊച്ചുസന്യാസിനികളായ്ത്തീർന്നിട്ടും ചിലപ്പോൾ.
കണ്ണടക്കംകാത്തുജപമാലയും ജപിച്ചു്
പുണ്യവതികളായ്ത്തന്നേ റോട്ടിലും നടക്കും
പാഠശാലവിട്ടുഞങ്ങളൊരു ദിവസ–
മാടലെന്യേ കണ്ണുമടച്ചങ്ങിനെ നടന്നു്
റോട്ടരികിലൊരുഷാപ്പിൻ മുൻവശത്തിരുന്ന
പെട്ടിയും സാമാനങ്ങളും തട്ടിമറിച്ചിട്ടു്
പെട്ടിയുടെ മീതേതന്നെ ഞങ്ങളും മറിഞ്ഞു്
കിട്ടിയ ശകാരങ്ങളും മൗനമായിക്കേട്ടു്
സത്വരം പിടച്ചെണീറ്റു ലജ്ജിതരായോടി
യാസ്ഥലം വെടിഞ്ഞകഥയോമ്മയുണ്ടെനിക്കു്.

ഏതുമാലോചനയില്ലാതുള്ള കൃത്യം മേലിൽ
ചെയ്തിടുകില്ലെന്നു ഞങ്ങളന്നു നിശ്ചയിച്ചു.
മേന്മയേറും നിറമുള്ള പൂക്കൾ ശേഖരിച്ചു്
നിർമ്മലജലത്തിലിട്ട ഭംഗിയായ് പിഴിഞ്ഞു്
വെണ്മയേറും സ്ഫടികപാത്രങ്ങളിലൊഴിച്ചു്
കാണ്മതാണെന്നിഷ്ടമുള്ള മറെറാരു വിനോദം.
ക്രൂരചേഷ്ടകളിക്കുന്ന മത്സരക്കളിക–
ളിഷ്ടമില്ലായിരുന്നൊന്നിക്കായതു നിമിത്തം
ഞാനൊരു ചുണയില്ലാത്ത ക്രൂരകാരിയെന്നു്
ന്യൂനമെന്നെറ ചങ്ങാതിമാർ നിശ്ചയിച്ചിരുന്നു.

III

(കേക)

അപ്പനുമൊരുമിച്ചു സായാഹ്നവേളകളി–
ലുൾപ്രമോദത്തോടു ഞാനുലാത്താൻ പോയിടുമ്പോൾ
പതിവായേതെങ്കിലുമൊരുദേവാലയത്തി–
ലതിമോദത്തോടിവർ കയറും വഴിമദ്ധ്യേ.
കുറച്ചുനേരത്തേക്കു വിശുദ്ധകുർബാനയ്ക്കു്
നിറഞ്ഞ ഭക്തിയോടെ കഴിക്കും "വിസീത്ത"യും
ഒരുനാളം കർമ്മലീത്താക്കന്യകാമഠത്തിനെറ–
യരികിൽക്രൂടി ഞങ്ങളം പോകുവാനിടയായി;
വിശുദ്ധകുർബാനയ്ക്കു വിസീത്ത കഴിപ്പാനാ–
യാശ്രമ'ക്കപ്പേള'യിൽ കയറി ഞങ്ങളന്നു്.
ദൈവമേ! ഹാ ദൈവമെ!യാദ്യമായ് ഞാനന്നൊന്നെറ
ഭാവിജീവിതസ്ഥലം കണ്ടു സന്തുഷ്ടയായി.
"ഓമനേ! കൊച്ചുറാണീ! യഴിവാതലിൽക്കൂടി–
യാമുറിക്കുള്ളിലേക്കു നോക്കുക തങ്കമേ നീ!
ദൈവസന്നിധാനത്തിലെപ്പോഴും പ്രാർത്ഥിക്കുന്നാ
പാവനാത്മാക്കളായ നല്ലൊരു കന്യാസ്ത്രീകം
അവിടെയുണ്ടെ"ന്നപ്പനോതിയെന്നോടു; ഞാനു

മവരേക്കണ്ടു പാരം കൃതകൃത്യതപൂണ്ടു.
ഒരുകാലത്തു ഞാനുമ ധരോടൊരുമിച്ചു
പരമഭാഗ്യശാലിയാകുവാനിരിക്കുന്ന
പരമാനന്ദപ്രദമായ ഭാവിയെപ്പറ്റി—
അവസാനമില്ലാത്ത ദിവ്യസൽകൃപക്കെല്ലാ
മിവളീവിധം പാത്രമാകുവാനിരിക്കുന്ന
പരമരഹസ്യത്തേ കുറിച്ചു—കിനാവിലും
കരുതിയിരുന്നില്ല കുട്ടിയായിരുന്ന ഞാൻ.

വഴിയിൽ ഭിക്ഷുക്കളേ കാണുകിലെന്നെക്കൊണ്ടു
പിഴയെന്നിയേ ധമ്മം കൊടുപ്പിച്ചീടും താതൻ.
ഒരുനാളൊരു പട്ടകിഴവൻ ഭിക്ഷുപാരം
പരിതാപമാരിലുമുദിപ്പിച്ചീടും വിധം
ബലമേറുന്ന രണ്ടു വടികളൂന്നിക്കൊണ്ടു
വലിഞ്ഞും മുടന്തിയുമിഴഞ്ഞും ഗമിക്കവേ
അനുകമ്പയാലകം പൊടിഞ്ഞുതകർന്നൊരു
പെനിയുമായിട്ടു ഞാനടുത്തു ചെന്നശീഘ്രം.
വ്യസനഭാവത്തോടേയെന്നെയൊന്നാറു നോക്കീ—
ട്ടസുഖസമ്മിശ്രമാമൊരു പുഞ്ചിരി തൂകി
ധമ്മവും വാങ്ങിക്കാതെ നടന്നു മുമ്പോട്ടയാൾ
മമ്മഭേദകമായിത്തീർന്നെനിക്കാസംഭവം.
തിരിഞ്ഞുനോക്കിഞാനാസാധുവേ വീണ്ടും വീണ്ടും
പൊരിഞ്ഞു മനസ്സംമിതമറുമെന്നു നോക്കി.
ഉടനേ തന്നോടൊരു ചെറിയ കേണ്ടു താതൻ
കടയിൽ നിന്നു വാങ്ങി "കൊച്ചുറാണി"ക്കു തന്നു.
നാണയമുപേക്ഷിച്ച ഭിക്ഷുവിന്നാഹാരത്തിൽ
കാണുമാഗ്രഹമെന്നു തൽക്ഷണമോമ്മിച്ചു ഞാൻ.
പുറകേയോടിച്ചെന്നാസാധുവിന്നതു നൽകാൻ
ചെറുതല്ലാതെയുള്ളോരാശയും ജനിച്ചെന്നിൽ.
എന്തു ഞാൻ ചെയ്യാമവനകലെപ്പോയിക്കഴി
ഞ്ഞന്തരംഗത്തിൽഖേദ മെനിക്കു മസഹ്യമായ്.

നിറഞ്ഞുകണ്ണീരണഞ്ഞു,മശ്രുബിന്ദുക്കൾ ശീഘ്രം
തറയിൽ പതിക്കുമെന്നുള്ളമട്ടായിത്തീർന്നു.
ഒടുവിലൊരു നല്ല ചിന്തയെന്നകതാരിൽ
കടന്നു സമാധാനമെനിക്കുനൽകിമോദാൽ: —
വിശുദ്ധകുർബാനഞാനാദ്യമായുംകൊള്ളുമ്പോൾ,
ശിശുവാമീശായുടെ പ്രഥമാശ്ലേഷത്തിങ്കൽ,
പ്രാർത്ഥന കൊണ്ടുഞാനാസാധുവാം സോദരന്റെ
യാത്മികം തീർത്തീടുന്നുണ്ടെന്നു നിശ്ചയിച്ചുടൻ.
മറവിയലക്ഷ്യതയൊന്നുമേ ബാധിക്കാതെ
നിറവേറി ഞാനെന്റെ നല്ലൊരാപ്രതിജ്ഞയേ

IV

(കേകു)

ദേഹവുമതോടൊത്തെന്നാത്മാവിലുള്ള ദൈവ-
സ്നേഹവുമൊരുപോലെ വളർന്നവന്നു മനം.
സ്നേഹമൂർത്തിയായുള്ള ദൈവത്തെയൊരിക്കലും
ദ്രോഹിച്ചീടാതെ ജന്മം കഴിപ്പാനാശിച്ചു ഞാൻ.
നല്ലൊരാപിതാവിനേ സന്തോഷിപ്പിച്ചീടാനു-
മെല്ലാനേരത്തും തന്നോടൈക്യമായിരിപ്പാനും
ചെറുതായുള്ള നല്ല ജപങ്ങളും ക്രൂടെക്കൂടെ
നിറഞ്ഞ ഭക്തിയോടേയുച്ചരിച്ചിരുന്നുഞാൻ.
എങ്കിലുമൊരു മഹാവലുതാമപരാധം
സങ്കടമെന്നിലിന്നും ജനിപ്പിച്ചീടും വിധം
അന്നു ഞാൻ ചെയ്തുപോയതിവിടെ വിവരിച്ചു
ചൊന്നിടാം മുൻകോപി ഞാനെന്നു കാണിപ്പാനായി.
മേമാസവണക്കത്തിൽ പങ്കുകൊണ്ടീടാനായി-
ട്ടാമാസം മുഴുവനും പതിവായ് വൈകുന്നേരം
പള്ളിയിലെല്ലാവരും പോയിരുന്നൊന്നെ വീട്ടിൽ
തള്ളി,ഞാൻ കൊച്ചുകുട്ടിയായിരുന്നതുമൂലം.

വിക്കറിയെന്ന വേലക്കാരിയുമൊരുമിച്ചു
ഭക്തിപൂർവ്വമാക്കമ്മമവിടെക്കഴിച്ചു ഞാൻ.
ഞാൻ തനിച്ചുണ്ടാക്കിയ ചെറുതാംബലിപീഠം
ചന്തമായലങ്കരിച്ചതിന്റെ മുൻഭാഗത്തു്
കരങ്ങൾ കൂപ്പിച്ചെറു ജപങ്ങൾ ചൊല്ലിക്കൊണ്ട
ങ്ങിരിക്കും മറവുള്ളവർ വരുന്നനേരംവരേ.
ഒരുനാളെല്ലാവരും പോയി, ഞാൻ പീഠത്തിങ്കൽ
തിരികത്തിക്കാനായിട്ടടുത്തുമോദത്തോടെ.
ബലിപീഠം പോലെയാതിരിയുമതിലുള്ള
പലസാധനങ്ങളും ചെറുതായിരുന്നോറവും.
എരിഞ്ഞുപോകും തിരിവേഗമെന്നോർത്തുജപം.
ത്വരിതം തുടങ്ങാൻ ഞാനോതി വിക്കറിയോടു്
തുടങ്ങി ജപമൊന്നു രണ്ടുവാക്കുകൾ ചൊല്ലീ—
ട്ടുടനേ തന്നെ പൊട്ടിച്ചിരിച്ചു നിന്നാളവൾ.
ചൊല്ലുകവേഗമെന്നു പിന്നെയും പറഞ്ഞു ഞാൻ
തെല്ലുമേ ക്ലേശിക്കാതെ പിന്നെയും ചിരിച്ചവൾ.
കത്തിയ ചെറുതിരിയണവാൻ തുടങ്ങുന്ന
പ്രാർത്ഥനക്കുള്ള നേരം ചിരിച്ചുകഴിയുന്നു.
ക്ഷമയെന്നുള്ളതെന്നെ വെടിഞ്ഞു പെട്ടെന്നു ഞാ—
നമിതമായിട്ടുള്ള കോപത്തോടെഴുന്നേറവു്
'വിക്കറീ! വിടക്കേ'യെന്നലറിപ്പറഞ്ഞുകൊ—
ണ്ടക്കോടെ നിലത്തൊരു ചവിട്ടം ചവിട്ടി ഞാൻ.
മുൻപുകാണാത്തമട്ടിലെന്റെയീകോപം കണ്ടി—
ട്ടമ്പരന്നു പോയേറവും സാധുവാമാബാലിക.
വലുതാം രണ്ടുതിരിക്ഷണം കിശക്കുള്ളി—
ലൊളിച്ചുവച്ചിരുന്നതെടുത്തുവെളിക്കവൾ.
"കഷ്ടമേയിവളിതുമുൻപിലേകാണിച്ചെങ്കിൽ!"
പെട്ടെന്നു പശ്ചാത്താപം നിമിത്തം കരഞ്ഞുഞാൻ.
ദുസ്വഭാവത്തിന്നോവമടിമപ്പെട്ടതോർത്തു്

ദുസ്സഹമായിട്ടുള്ളലജ്ജയുമുദിച്ചെന്നിൽ.
വന്നതു വന്നു മേലിൽ വരാതെ സൂക്ഷിച്ചീടാ
മെന്നൊരു പ്രതിജ്ഞയുംചെയ്തു ഞാനടൻ തന്നെ.
കാലതാമസമെന്യേയാദ്യകുമ്പസാരത്താ
ലാലസ്യമെല്ലാംനിങ്ങീട്ടാശ്വസിച്ചെന്നാത്മാവും.
ആ മഹാ സൌഭാഗ്യസമ്പൂർണ്ണമാംദിവസത്തെ
യാമോദത്തോടല്ലാതെയെങ്ങിനെയോമ്മിക്കും ഞാൻ.
വന്ദ്യനാംപുരോഹിതൻ മിശിഹാതന്നെയെന്നു്
മന്ദതയേതും വിനാ വിശ്വസിച്ചുകൊണ്ടു ഞാൻ
കുമ്പസാരക്കൂടിനോടടുത്തു മുട്ടുകുത്തി
"ഞാൻപിഴയാളി" യെന്നനമസ്ക്കാരവും ചൊല്ലി.
പൊക്കമില്ലായ്ക മൂലമെഴുന്നേറങ്ങുനിന്നു്
നിഷ്ക്കളങ്കമായുള്ള ഹൃദയത്തോടുകൂടി
ഒന്നുമേയൊളിക്കാതെ സകലപാപങ്ങളു-
മൊന്നൊന്നായ്സ്മരിഞ്ഞുഞാൻ ഗുരുവിൻകണ്ണുകളിൽ.
നല്ലൊരുപിതാവിനേപ്പോലെ വാത്സല്യത്തോടെ
ചൊല്ലിയദ്ദേഹം പലസദുപദേശങ്ങളും.
ഒക്കെയും ശ്രദ്ധാപൂർവ്വം കേട്ടുഞാൻ മുട്ടുകുത്തി
ഭക്തിയാസ്വീകരിച്ചു പാപമോചനമതും.
ഉണ്ണിയാ മീശായുടെ പരിപാവനമായ
കണ്ണുനീരുകൊണ്ടെന്നെ ചെറുതാമാത്മാവിനെ
കഴുകിപ്പരിശുദ്ധിവരുത്തികൃതാർത്ഥയാ-
യെഴുന്നേറ്റുഞാൻ മഹാഭാഗ്യശാലിനിയായി.
തിരുനാളുകൂടും തോറും കുമ്പസാരിക്കയെന്ന
മുറതാനന്നു തൊട്ടുപരിപാലിച്ചുപോന്നു.

V

(കേക)

'തിരുനാളുകളെന്നു പദമെൻഹൃദയത്തി-
ന്നരുമാനന്ദത്തെയെങ്ങിനെചൊല്ലേണ്ടുഞാൻ.

വരുവാനിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യത്തിന്റെ–
യൊരുസൂചനതന്നെയെന്നു ചൊല്ലീടാമവ.
വിശുദ്ധകുർബാനതൻഘോഷയാത്രകളും കാണ്മാൻ
മിശിഹായെഴുന്നള്ളും പാതയിൽ പൂക്കളുതൂകാൻ
പറഞ്ഞാലൊടുങ്ങാത്തവിധമാണെന്റെഹൃത്തിൽ.
നിറഞ്ഞുസന്തോഷമെന്നോതിടാം ചുരുക്കത്തിൽ.
ഹൃദയാനന്ദം പരമേകിടാൻ പറ്റുമല്ലോ–
മീട്ടുശദിവസങ്ങളും ചുരുക്കമാണെങ്കിലും
ആഴ്ചയിലൊരു നല്ലതിരുനാളൊരിക്കലും
വീഴ്ചകൂടാതെവരും ഞായറാഴ്ചയാണതു്.
എത്രയോമഹത്വമേറീടുന്നുദിനം സർവ–
ശക്തന്റെ സമാശ്വാസദിവസം! ഞായറാഴ്ച.
ദിവ്യപൂജകാണുവാനച്ചനൊരുമിച്ചു
രാവിലെതന്നെപോകും പള്ളിയിൽ ഞങ്ങളെല്ലാരും.
പ്രസംഗസമയത്താപീഠത്തോടേറുമച്ഛ–
ന്തിരുസന്നിധരായീടുമച്ചനും ഞാനുംക്രൂടി.
വൈദികൻ പറയുന്ന വാക്കുകളെല്ലാം പര–
മാദരവോടേ തന്നെ കേട്ടുകൊണ്ടിരിയ്ക്കും ഞാൻ.
ദിവ്യരക്ഷിതാവിന്റെ കഷ്ടതകളെച്ചൊല്ലി
ദിവ്യനാം പുരോഹിതനൊരിക്കൽ പ്രസംഗിച്ച
ഹൃദ്യമാം പ്രസംഗമാണെന്റെയന്തരംഗത്തി–
ലാദ്യമായ് പതിഞ്ഞതെന്നോർമ്മയുണ്ടെനിക്കിന്നും.
ഗുരുവിൻ മുഖത്തുനിന്നിടക്കെൻ നേത്രങ്ങളേ
തിരിച്ചു പിതാവിന്റെ മുഖത്തു നോക്കുന്നേരം
എത്രയേകാഗ്രമായ ശ്രദ്ധ! എൻ താതനച്ചോൻ
പാത്രലത്തിലല്ലെന്നു തീർച്ചയായ്തോന്നിച്ചോകും.
വലുതാം സ്നേഹമെല്ലാം മുഖത്തുകാണാം, കണ്ണീർ
ചിലപ്പോൾ നേത്രങ്ങളിൽ നിറയുന്നതുംകാണാം.
വല്ലതും പ്രാസംഗികനമ്മത്രസ്യദയച്ചൊരി

51811

ചൊല്ലുകിൽ താതനപ്പോൾ തലയേ കുനിച്ചിട്ട്
"ചെല്ലമേ നിന്റെ പേരിൻ ഹേതുഭൂതയായുള്ള
കല്യയേപ്പററിയത്രേ പറയുന്നതു ഗുരു"
എന്നു മന്ത്രിക്കുമെന്റെ ചെവിയിലെന്നിക്കപ്പോൾ
വന്നിടും പൂർവ്വാധികം ശ്രദ്ധയും സന്തോഷവും.
ദിവ്യകർമ്മങ്ങളെല്ലാംകഴിഞ്ഞു വീട്ടിലേക്കു
ദൈവികചിന്തയോടേ തിരിക്കും ഞങ്ങളെല്ലാം.
പരമാനന്ദത്തോടേ പകലൊക്കെയും കഴി-
ഞ്ഞിരുളും രാവുമതിൻ പുറകേ വന്നുചേരും.
എന്തൊരു മായമിതു ലോകസന്തോഷമെല്ലാ-
മന്തമുള്ളതാണെന്നു നിനച്ചു ഖേദിക്കും ഞാൻ.
അവസാനമില്ലാത്ത തിരുനാൾ സ്വർഗ്ഗത്തിലു-
ണ്ടെവിടെ ചെന്നൊത്തുവാനാശയും വർദ്ധിച്ചീടും.
മാതുല ഗേഹത്തിലും ചില ഞായറാഴ്ചകൾ
മാതുലിയോടൊത്തു ഞാൻ കഴിക്കും സന്തുഷ്ടിയായ്.
തിരിച്ചുവരുന്നേരം സമയം രാത്രിയാകും
പെരുത്തുമനോജ്ഞമായ് കാണുമാകാശത്തട്ടം.
നീലമാർബിടം കൊണ്ടുള്ള തറയിൽ രത്നജാലം
ചേലൊടേ വിതച്ചിട്ട ഭംഗി ചേർത്തുപോലെ
അത്രമോഹനമായോരന്തരീക്ഷം കാണുമ്പോൾ
പാർത്തലം വീണ്ടും കാണാതിരിപ്പാനാശിക്കും ഞാൻ.
നേത്രങ്ങൾ താഴ്ത്തീടാതെ നടക്കും താതനെന്നെ
ച്ചേർത്തണച്ചാശ്ലേഷിച്ചു നടത്തിക്കൊണ്ടുപോകും.
പ്രാർത്ഥനാസമയത്തും ഭക്തനാം പിതാവിനോ-
ടെത്രയും സമീപിച്ചു നിൽക്കുമീ "കൊച്ചുറാണി"
പുണ്യവാന്മാരെങ്ങിനെ പ്രാർത്ഥിക്കുന്നെന്നു കാണ്മാൻ
കണ്ണുകളുയർത്തി ഞാൻ നോക്കുമെൻ പിതാവിനെ.
ക്രൂരമായ് രാത്രി ജപം കഴിഞ്ഞു തനിച്ചെന്നെ

MARMARAM COLLEGE Library
BANGALORE-29

കുട്ടിക്കിൽകൊണ്ടുപോയി കിടത്തും കുഞ്ഞമ്മയും.
ഉറങ്ങുന്നതിനു മുൻപാത്മശോധനയേറ്റം
ചെയ്താമൊരുതോതിൽ ചെയ്തുപോന്നിരുന്ന ഞാൻ

* * * * *
* * * * *

"ഇന്നുഞാൻ നല്ല കുട്ടിയായിരുന്നുവോ? എന്നോ-
ടിന്നു സർവേശ്വരനു തൃപ്തിയായിരിക്കുമോ?
ദൈവദൂതന്മാരെന്നെയിന്നു സൂക്ഷിച്ചീടുമോ"
ഈവിധം കുഞ്ഞമ്മയോടോരോരോ കൊച്ചുപാഠ്യം
മെത്തയിൽകിടന്നുഞാൻ ചൊദിക്കുവതിനെല്ലാ-
മുത്തരമനുകൂലമായിരുന്നെന്നും തന്നെ
വഴിപോലെല്ലാമെന്നെക്കിടത്തിപ്പുതപ്പിച്ചു
തഴുകിമുംബിച്ചിട്ടു പോയിടും കുഞ്ഞമ്മയും.
പെരിയ നിശ്ശബ്ദത മുറിയിൽ വ്യാപിച്ചീടു
മിരുട്ടുംഞാനും മാത്രമവിടെശ്ശേഷിച്ചീടും.
തുടർന്നീവിധത്തിൽഞാൻ പറഞ്ഞുതുടങ്ങിയാ-
ലൊടുങ്ങീടുകില്ലെന്റെ ബാല്യ സംസ്മരണകൾ.
ഞാനൊരു ഗുണവതിയായിരുന്നില്ലെങ്കിലും
ന്യൂനമെന്നാത്മപ്രിയൻ സ്നേഹിച്ചുപാലിച്ചെന്നെ
പരിപാവനമായ പരിതസ്ഥിതികളെ-
പ്പരിചോടെ നിക്കേകി ചെയ്ത കാലത്തെല്ലാം.
നിർമ്മലമനസ്കരാമമ്മയുമച്ഛനുമാ-
കന്മഷരഹിതമായുള്ളൊരു കുടുംബവും,
നന്മയിലഭിവൃദ്ധിയെനിക്കു നൽകി ഞാനും
ചിന്മയകാരുണ്യത്തെ ഫലവത്താക്കിത്തീർത്തു.

ST. THOMAS CARMELITE
SOUTH MALABAR
MONASTERY PAVARATTY

മണ്ണാക്കാട്ടമാടമ്പി

(രസകരമായ ഒരു ചരിത്രാഖ്യായിക)

ഗ്രന്ഥകർത്താ

ജോൺ പീറർ തോട്ടം. ബി. ഏ.,

വില. രൂ ഫ.

ക്രൈ—ാംനൂറ്റാണ്ടിന്റെ ആദിമ ഘട്ടത്തിൽ ഉത്തരതിരുവിതാംകൂറിന്റെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതി എന്തായിരുന്നു എന്നു അറിയണമെന്നുള്ളവർ രസസ്പൂർത്തി വഴിഞ്ഞുതുളുമ്പുന്ന ഈ കഥ ഒരാവർത്തിവായിക്കേണ്ടതാണു്. മതപരിവർത്തനം ചെയ്ത കമലം സ്വബന്ധുക്കളുടെ പ്രതികാരപ്രവാഹത്തിൽ നിന്നും വിമുക്തിനേടുന്നതിനും സ്വകാമുകനായ ആ വനചരനെ പ്രാപിച്ചു ജന്മസാഫല്യമടയുന്നതിനും വേണ്ടി അനുദിനമനുഭവിക്കുന്ന ക്ലേശങ്ങളും വിടരാട്ടായ കുഞ്ഞുണ്ണിക്കർത്താവിന്റെ ലലനാലമ്പട പ്രാഗത്ഭ്യങ്ങളും, സ്വാമിഭക്തനും സരസനുമായ വൃദ്ധതാത്തന്റെ അഭിനയചാതുരികളും, മാടമ്പിയുടെ പ്രതികാരബുദ്ധിയോടിടഞ്ഞ പ്രേമചാപല്യങ്ങളും ഏതൊരു രസജ്ഞന്യന്റെ ഹൃദയത്തേയും ചലിപ്പിക്കാതിരിക്കയില്ല. ഈ നോവൽ നസ്രാണിദീപികയിൽ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തി പലരുടേയും പ്രശംസയ്ക്കു പാത്രമായിട്ടുള്ളതാണു്.

ചണ്ഡാളപുത്രി

(മൻസ്-ൽ—ലെ മലയാളം ഹയർ പരീക്ഷക്കു പാഠ്യപുസ്തകമായി നിശ്ചയിച്ചിരിക്കുന്നതു്.)

ഗ്രന്ഥകർത്താ

ജോൺ പീറർതോട്ടം. ബി. എ.,

വില അണ ഏഴു.

"".....നല്ലൊരു സാഹിത്യകാരനായ ശ്രീമാൻ ജോൺ പീറർ തോട്ടം എഴുതിയ ചണ്ഡാളപുത്രി വായനക്കാരേ ഹഠാദാകർഷിക്കുന്ന ഒരു രസകരമായ ആഖ്യായികയാണു്. സത്യം, നീതി, ചാരിത്രശുദ്ധി, എന്നിവയേ ആലംബമാക്കി വിവിധങ്ങളായ കഷ്ടപ്പാടുകളോടു് എതിരിട്ടു് ജീവിതപന്ഥാവിൽ വിഹരിച്ചനായികയായ മേരി (ചണ്ഡാളപുത്രി) യുടെ ദൃഢമനസ്കതയും സ്വഭാവവൈശിഷ്ട്യവും പ്രശംസാർഹമായിരിക്കുന്നു. കഥാഘടനയിലും പാത്രസൃഷ്ടിയിലുമുള്ള സാമർത്ഥ്യത്തിലാണു് ഒരു ആഖ്യായികാകാരന്റെ വിജയം സ്ഥിതിചെയ്യുന്നതെങ്കിൽ ചണ്ഡാളപുത്രിയേ സംബന്ധിച്ചിടത്തോളം ഗ്രന്ഥകാരന്റെപ്രയത്നം വിജയപ്രദമായിതന്നെ കാണപ്പെട്ടന്നതിൽസന്തോഷിക്കേണ്ടിയിരിക്കുന്നു. ...."

മലയാളമനോരമ.

ശങ്കരഗിരി.

അതിരസകരമായ ഒരു ചരിത്രാഖ്യായിക.

ഗ്രന്ഥകർത്താ

ശ്രീമാൻ ജോൺ പിറർ തോട്ടം ബി. എ.

വില രൂ. ൧൰

"..... സ്നേഹിതന്റെ ഈ പ്രഥമസന്താനത്തിന്റെ യഥാർത്ഥ മാഹാത്മ്യം അതു് അർഹിക്കുന്ന വിധത്തിൽ ലോകം മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ശങ്കരഗിരി ക്രിസ്തീയസമുദായത്തിന്നും മലയാള ഭാഷയ്ക്കും ഒരു അമൂല്യനിധിയാണെന്നു മാത്രമല്ല, ഓരോ തലമുറ കഴിയുന്തോറും അതിന്റെ തേജസ്സു് ഒന്നിനൊന്നു വർദ്ധിച്ചുതന്നെ വരികയും ചെയ്യും.... ശങ്കരഗിരിയിലെ പല ഭാഗങ്ങളും കഥാഘടനയിലും വർണ്ണനാചാതുരിയിലും സി. വി യുടെ ഒന്നാം തരം കൃതികളെപ്പോലും അതിശയിക്കുന്നുണ്ടെന്നു പറവാൻ എനിക്കു ധൈര്യം തോന്നുന്നുണ്ടു്. ...യാദൃച്ഛികമായി കൈയിൽ കിട്ടിയ ഒരു പ്രതി ദ്രുതഗതിയിൽ ഒന്നു മറിച്ചുനോക്കുന്നതിനുദ്യമിച്ച എനിക്കു പുസ്തകം തീർന്നല്ലാതെ അതു താഴെ വയ്ക്കുന്നതിനു സാധിച്ചില്ല. .....അവിടത്തെ ഈ ആദ്യകൃതിയെപ്പറ്റി എനിക്കു തോന്നിയ അഭിപ്രായംഎഴുതി അയയ്ക്കുന്നതു് അഹിതകരമായിരിക്കയില്ലല്ലോ....."

ചിത്രമെഴുത്തു

16—4—106 കെ. എം. വറുഗീസ്.

മാവേലിക്കര.

ഗീതാവലി.

ഗ്രന്ഥകർത്രി.

ശ്രീമതി മേരി ജോൺ തോട്ടം.

(തിരുവിതാംക്കൂർ ഗവർമെൻറിൽ നിന്നും ഹൈസ്കൂൾ ക്ലാസ്സുകളിലേക്കും, മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും കോളേജ് ക്ലാസ്സുകളിലേക്കും പാഠ്യപുസ്തകമായി എടുത്തിട്ടുള്ളതു്.)

വില അണ വ.

".....എൻെറ യുവസഹോദരി ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്താൽ ശാശ്വതമായ കവിയശസ്സിനു് അവകാശിനിയായി പരിണമിച്ചിരിക്കുന്നു. ഇത്ര വാസനാവൈഭവമുള്ള യുവതികളെ ഹിന്ദുസമുദായത്തിൽ പോലും വളരെ വിരളമായി മാത്രമേ ഞാൻ കാണുന്നുള്ളൂ... .."

കവിതിലകൻ
ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ

DC Archives
00051811
LO T40

ഞങ്ങളുടെ

മറവ പ്രസിദ്ധീക

വി: ല്യയീസ് ഓൺസാ

ചരിത്ര സംക്ഷേപം. ണ. 2

വാണിജ്യവൃത്താന്തസംഗ്രഹം:—വ്യവസായപരവും വാണിജ്യപരവുമായ വിലയേറിയ പല അറിവുകളും ഇതിൽ നിന്നും ലഭിക്കുന്നതാണ്. ചക്രം. 8.

മാത്താണ്ഡമാതാ:—(ജോൺപീറർ തോട്ടം) അഭിനവരീതിയിലുള്ള ഒരു ഗദ്യനാടകം. സുറിയാനിക്രിസ്ത്യാനികളുടെരാജസേവനത്തെ പ്രസ്പുടീകരിക്കുന്ന ഒരു ചരിത്രകഥ ഇതിവൃത്തമായിട്ടുള്ളത്. ചക്രം 4

ആതങ്കം:—(ജോൺപീറർ തോട്ടം) അതിരസാവഹമായ ഒരു ചെറുകഥ. ചക്രം $3\frac{1}{2}$

തച്ചിൽതരകന്റെ സുവർണ്ണ കമലം:— തച്ചിൽ ഇല്ലക്കാരുടെ മാനസാന്തരംമുതൽ തരകന്റെ 29–ാമത്തെ വയസ്സിൽ തിരുവനന്തപുരത്തു വന്നു, രാജസേവനം ആരംഭിക്കുന്നതുവരെയുള്ള മാത്തുത്തരകന്റെ കുടുംബചരിത്രസംക്ഷേപം. (മാത്തുത്തരകൻ എന്ന ചരിത്രാഖ്യായിക തയാറായി വരുന്നതിൽ അദ്ദേഹത്തിന്റെ അനന്തര ജീവചരിത്രം വിശദമായി ചിത്രീകരിക്കുന്നുണ്ട്) ചക്രം. 6.

മാത്തുത്തരകൻ:—(ഒരു ഗദ്യനാടകം) ചക്രം 6

ചെറുപുഷ്പത്തിന്റെ ബാല്യകാല സ്മരണകം:—(മേരി ജോൺ തോട്ടം) ചക്രം. 3.

കവിതാരാമം:—**ഫാവ്വൽ ഇംഗ്ലീഷ് സ്കൂൾമൂന്നാം ഫാറത്തിലേക്കു പാഠ്യപുസ്തകമായി നിശ്ചയിച്ചിരിക്കുന്നതു്.**

അപേക്ഷിക്കുക:— ജോൺ പീറർ തോട്ടം ബി. എ.
കലാവിലാസിനി പബ്ലിഷിംഗ് ഹൗസ്
തിരുവനന്തപുരം.